**1-30 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയില്ല**

താഴെ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനം | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 17/228 | മേലൂർ ഡെന്റൽ ക്ലിനിക്ക് | രാജേഷ് കെ ഡി, കരപറമ്പിൽ വീട്, പരിയാരം |
| 2 | 11/276 | നാനോടെക്ക് ലബോറട്ടറി, മേലൂർ | ശിവദാസൻ കെ വി, കാമറ്റത്തിൽ വീട്, കൂവക്കാട്ട്കുന്ന് |

1997- ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ,ചട്ടം 5(1) പ്രകാരം ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പാരാമെഡിക്കൽ സ്ഥാപനങ്ങൾ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി അൻപത് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം രജിസ്ട്രേഷൻ പുതുക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.30/25.11.2021 ന് മറുപടി ലഭ്യമാക്കിയില്ല).

**1-31 വാഹനത്തിന്റെ ഇൻഷ്വറൻസ് കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപാർട്ട്മെന്റിൽ അടവാക്കേണ്ടതാണ്.**

വൗച്ചർ നമ്പർ-21900122/8.5.2019-10754/-

KL 45-A 1804 പഞ്ചായത്ത് വക വാഹനത്തിന്റെ ഇൻഷ്വറൻസ് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയിൽ ആണ് ഒടുക്കിയിരിക്കുന്നത്. സർക്കാർ ഉത്തരവ് നം.ജി.ഒ(പി) 819/2000/ഫിൻ തീയതി 18.4.2000 പ്രകാരം സർക്കാർ വക/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഇൻഷ്വറൻസ് കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർ ട്ട്മെന്റിൽ ആണ് അടവാക്കേണ്ടത്. സർക്കാർ ഉത്തരവിനനുസൃതമായി തന്നെ വാഹന ഇൻഷ്വറൻസ് അടവാക്കേണ്ടതാണ്.

**1-32 ദേശീയ ആരോഗ്യ പരിപാടികളുടെ നടത്തിപ്പ്-മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുവാൻ അനുവദനീയമല്ല.**

പദ്ധതി നമ്പർ – 37/2020

നിർവ്വഹണ ഉദ്യോഗസ്ഥ - മെഡിക്കൽ ഓഫീസർ

പിഎച്ച്സി മേലൂർ

ബിൽ നമ്പർ – 17/24.2.2020-35000/-

മേൽ പ്രകാരം 35,000 രൂപ വിവിധ ദിനാചരണങ്ങളോടനുബന്ധിച്ചുള്ള (വേൾഡ് ഹെൽത്ത് ഡേ, മലേറിയ ഡേ, എയ്ഡ്സ് ഡേ, കൊതുക് ദിനം, റാബിസ് ദിനം........) ബോധവൽക്കരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ബാനർ, റിഫ്രഷ്മെന്റ്, നോട്ടീസ്, ലൈറ്റ് ആന്റ് സൌണ്ട് എന്നിവക്കായാണ് തുക ചെലവഴിച്ചത്. സ.ഉ.(കൈ)22/2018/ ത.സ്വ.ഭ.വ തീയതി 14.2.2018 സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക 8.4 പ്രകാരം ഉൽപാദനപരമല്ലാത്ത ബോധവൽക്കരണ പരിപാടികൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല.

ചെലവ് തുക 35000 തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ-27/23.11.21).

ഭാവിയിൽ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുന്നതിന് അനുവാദമുള്ള പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-33 മദ്യം ,മയക്കുമരുന്ന് ,പുകയില ഉപയോഗത്തിനെതിരെ ബോധവൽക്കരണം -മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുവാൻ അനുവദനീയമല്ല.**

പദ്ധതി നമ്പർ - 39/2020

നിർവ്വഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ

പിഎച്ച്സി മേലൂർ

ബിൽ നമ്പർ – 18/24.2.2020 – 12320/-

ബിൽ നമ്പർ – 22/31.3.2020 – 27680/-

മേൽ പ്രകാരം 40,000 രൂപ ബോധവൽക്കരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(കൈ) 22/2018/ത.സ്വ.ഭ.വ. തീയതി 14.2.2018 സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ഖണ്ഡിക 8.4 പ്രകാരം ഉൽപാദനപരമല്ലാത്ത ബോധവൽക്കരണ പരിപാടികൾ വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ടവക്ക് മാത്രമാണ് ഒഴിവ് ഉള്ളത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ മൂന്ന് പട്ടിക ബി പ്രകാരം മദ്യം, മയക്കുമരുന്ന്, പുകയില ഉപയോഗത്തിനെതിരെ ബോധവൽക്കരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നില്ല. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 4 പ്രകാരം 47,920 രൂപ വിമുക്തി ബാലൻസ് ഉണ്ട്. വിമുക്തി ഫണ്ട് പഞ്ചായത്തിന് എക്സൈസ് വകുപ്പിൽ നിന്ന് മദ്യം, മയക്കുമരുന്ന്, പുകയില ഉപയോഗത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിന് ലഭിക്കുന്നതാണെന്നിരിക്കെ 2018-19 മുതൽ ബാലൻസ് നിൽക്കുന്ന വിമുക്തി ഫണ്ട് ഉപയോഗിക്കാതെ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുവാൻ അനുവാദമില്ലാത്ത പ്രവൃത്തി ഏറ്റെടുത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/23/11/21 തീയതി) നൽകിയ മറുപടിയിൽ ഏറ്റെടുക്കുവാൻ സാധിക്കാത്ത പദ്ധതിയാണെന്ന അറിവില്ലായ്മ കാരണമാണ് പ്രവൃത്തി ഏറ്റെടുത്തതെന്ന് മറുപടി നൽകിയിട്ടുണ്ട്. വിമുക്തി ഫണ്ട് ബാലൻസ് നിൽക്കെ പ്ലാൻ ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച വിശദീകരണം പഞ്ചായത്ത് ബോധിപ്പിക്കേണ്ടതാണ്.

ചെലവ് തുക 40,000 തടസ്സപ്പെടുത്തുന്നു.

ഭാവിയിൽ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുന്നതിന് അനുവാദമുള്ള പ്രവൃത്തികൾ മാത്രമേ ഏറ്റെടുക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-34 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ്-വിനിയോഗ സാക്ഷ്യപത്രം ഇല്ല.**

തനത് ഫണ്ടിൽ നിന്ന് ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങിനായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തുക മുൻകൂർ ആയി നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-32/25.11.2021).

A) വൗച്ചർ നമ്പർ-21900019/2.4.2019- 6422 രൂപ

B) വൗച്ചർ നമ്പർ-21900020/2.4.2019 -43668 രൂപ

C) വൗച്ചർ നമ്പർ-21900114/6.5.2019-21744 രൂപ

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**1-35 മരുന്ന് വാങ്ങൽ -മരുന്ന് ലഭ്യമായിട്ടില്ല.**

1) പദ്ധതി നമ്പർ-28/2020

പാലിയേറ്റീവ് കെയർ

ബിൽ നമ്പർ-25/31.3.2020-100000/-രൂപ

2) പദ്ധതി നമ്പർ-33/2020

ജീവിത ശൈലി രോഗ നിയന്ത്രണം

ബിൽ നമ്പർ-21/31.3.2020-38952/-രൂപ

മേൽ പ്രകാരം രണ്ട് പദ്ധതികളിൽ മരുന്ന് വാങ്ങലിനായി തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയതിൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-36 ക്യാമറ വാങ്ങൽ-നടപടി ക്രമങ്ങൾ പാലിച്ചില്ല**

പദ്ധതി നമ്പർ-136/2020 (Spill Over)

നിർവ്വഹണ ഉദ്യോഗസ്ഥ-മെഡിക്കൽ ഓഫീസർ

പിഎച്ച്സി മേലൂർ

ബിൽ നമ്പർ-1/31.5.2019-41344/-

2018-19 ലെ സ്പിൽ ഓവർ ആയി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ ക്യാമറ വാങ്ങിയതിനാണ് 2019-20 ൽ തുക ചെലവഴിച്ചത്. പ്രസ്തുത വാങ്ങലിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

2) Nikon Camera ആണ് വാങ്ങിയിരിക്കുന്നത്. പ്രസ്തുത വാങ്ങലിന്റെ ബില്ലിൽ ക്യാമറയുടെ വാറണ്ടി രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/23.11.2021) നൽകിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചിരുന്നു എന്നാണ് മറുപടി നൽകിയത് എന്നാൽ രേഖകൾ ഹാജരാക്കിയില്ല.ക്യാമറയുടെ വാറണ്ടി 2 വർഷം ആണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാങ്ങലുകൾ നടത്തുമ്പോൾ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്.

**1-37 വനിതകൾക്ക് സ്വയംതൊഴിൽ സബ്സിഡി അനുവദിച്ചതിലെ അപാകതകൾ**

എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റുകൾക്കായി 133/20 നമ്പർ പദ്ധതിയിൽ താഴെപ്പറയും വിധം സബ്സിഡി മേലൂർ സർവ്വീസ് കോപറേറ്റീവ് ബാങ്കിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുന്നപ്പിള്ളി

| ഗുണഭോക്താവ് | പദ്ധതിനമ്പർ<br>ബിൽനമ്പർ<br>തീയതി<br>ബിൽ തുക | അനുവദിച്ച തുക | ലഭ്യമാക്കിയ ബാങ്ക് ലോൺ |
|---|---|---|---|
| 1) നിത്യസംഘം<br>2)നിത്യ ഹരിത സംഘം | 133/2020<br>02/2019-20(19230452026400035986)<br>21.05.2019<br>400000 | 2 സംഘങ്ങൾക്ക് 200000 രൂപ വീതം | 2 സംഘങ്ങൾക്ക് 50000 രൂപ വീതം |

ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സബ്സിഡി അനുവദിക്കപ്പെട്ടിട്ടുള്ള നിത്യ കുടുംബശ്രീ യൂണിറ്റ് ബൾബ് നിർമ്മാണ സംരംഭത്തിൽനിന്നും പിൻമാറിയിട്ടുണ്ട്. യൂണിറ്റിലെ അംഗങ്ങൾക്ക് ജോലി ലഭിച്ചതിനാൽ ആണ് പിൻമാറുന്നതെന്ന് കത്തിലൂടെ അറിയിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ബൾബ് നിർമ്മാണ യൂണിറ്റിൽ നിന്നും പിൻമാറുന്നതായി അറിയിച്ച കത്തിൽ തിയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ സബ്സിഡി അനുവദിച്ചതിന് മുൻപ് തന്നെ പിൻമാറുന്ന വിവരം അറിയിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2. ഈ യൂണിറ്റിന് ലോൺ അനുവദിക്കുന്നതിന് മുൻപ് സബ്സിഡി ബാങ്കിന് കൈമാറിയിട്ടുണ്ട്.

3. 21.05.2019 ന് ആണ് സബ്സിഡി തുക ബാങ്കിന് കൈമാറിയിരിക്കുന്നത്. എന്നാൽ 05.03.2021 ന് ആണ് കരാർ ഒപ്പിട്ടിരിക്കുന്നത്.
മേൽപ്പറഞ്ഞ വസ്തുതകൾ പദ്ധതി നിർവ്വഹണത്തിൽ വരുത്തിയ തികഞ്ഞ ജാഗ്രതക്കുറവായി കാണുന്നു.

യൂണിറ്റിനായി പ്രയോജനപ്പെടാതെ ബാങ്കിൽ നിക്ഷിപ്തമായിട്ടുള്ള സബ്സിഡി തുക ബാങ്കിൽ നിന്നും ലഭ്യമാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ 132/2020 ആയി 01/2019-20/21.05.2019 വൗച്ചർ പ്രകാരം 600000 രൂപ 3 തയ്യൽ യൂണിറ്റുകൾക്കായി അനുവദിച്ചിട്ടുണ്ട്

സംരംഭങ്ങളുടെ പ്രവർത്തനം കാണുന്നതിനായി തേജസ്, മഹിമ എന്നീ തയ്യൽ യൂണിറ്റുകളും നിത്യ ഹരിത എന്നീ എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റും സന്ദർശിക്കുകയുണ്ടായി. മഹിമ തയ്യൽ യൂണിറ്റും നിത്യ ഹരിത എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റും നിർജ്ജീവാവസ്ഥയിൽ ആണ്. പദ്ധതിയിലൂടെയുള്ള സബ്സിഡി ലഭ്യമാക്കുന്നതിനപ്പുറത്തേയ്ക്ക് സംരംഭം മുന്നോട്ട് പോകുന്നില്ലെന്ന വസ്തുത പദ്ധതികൾ രൂപീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.
ഇത്തരം പദ്ധതികളിൽ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുമ്പോൾ യൂണിറ്റുകളുടെ സംരംഭകത്വ താൽപര്യം വിലയിരുത്തേണ്ടതും സബ്സിഡി തുക അനുവദിക്കുന്നതിന് മുൻപ് യൂണിറ്റുകൾ എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 25/23.11.21).

**1-38 പ്ലാസിറ്റിക്ക് മാലിന്യം ശേഖരിക്കൽ -(Spill Over)-രേഖകൾ ആധികാരികമല്ല**

നിർവ്വഹണ ഉദ്യോഗസ്ഥ - മെഡിക്കൽ ഓഫീസർ

പിഎച്ച്സി മേലൂർ

ബിൽ നമ്പർ-3/12.6.2019-182300/-രൂ.

മേൽ പദ്ധതിയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അജൈവ മാലിന്യങ്ങൾ കളക്ഷൻ സെന്ററുകളിൽ നിന്ന് മാറ്റിയതിന് രണ്ട് വ്യക്തികൾക്ക് തുക നൽകിയിട്ടുണ്ട്.

രാജേഷ്.എം.ജെ – 42000/-

സതീഷ് ചന്ദ്രൻ – 58000/-

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ട്രിപ്പ് ഷീറ്റിൽ വാഹനം ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടില്ല.

2) വാഹനം വാടകക്ക് എടുത്തതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ യാതൊരു രേഖയും ഫയലിൽ ഇല്ല.

3) മാലിന്യങ്ങൾ വാർഡുകളിൽ നിന്ന് നീക്കം ചെയ്തതിന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഇല്ല.

പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ രേഖകൾ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1–39 കന്നുകുട്ടി പരിപാലന പദ്ധതി –പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

പദ്ധതി നമ്പർ-43/2020

ബിൽ നമ്പർ-2/15.11.2019-312500/- രൂ

ഗുണഭോക്താക്കളുടെ വിഹിതം ആണ് എസ് എൽബിപിക്ക് കൈമാറിയിട്ടുള്ളത്. തീറ്റ വിതരണം നടത്തിയ സൊസൈറ്റിയുടെ നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ മൂന്ന് ഗുണഭോക്താക്കൾ തീറ്റ വിതരണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

1) മിനി ഉണ്ണികൃഷ്ണൻ

2) ശാന്ത പുരുഷോത്തമൻ

3) സരസ്വതി ഗോപാലൻ

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങേണ്ടതും ചെലവഴിക്കാത്ത പദ്ധതി പണം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1–40 ശാരീരിക വെല്ലുവിളി നേരിടുന്ന വ്യക്തിക്ക് തെറ്റായി അധിക തുക നൽകി.

പദ്ധതി നമ്പർ-15/20

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

വൗച്ചർ നമ്പർ-21900678/24.10.2019-400000/-

A)ഷീല.എം.പി , മൽപാൻ ഹൗസ്, മുരിങ്ങൂർ, കിൻഫ്ര പാർക്ക് എന്ന വ്യക്തിയുടെ ഫയൽ പരിശോധിച്ചതിൽ ജില്ലാ ആശുപത്രിയുടെ സർട്ടിഫിക്കറ്റ് ഓഫ് ഡിസെബിലിറ്റി പ്രകാരം ടിയാൾക്ക് 50% Locomotor Disability Upper And Lower Limb എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആധാർ കാർഡ് പ്രകാരം ടി വ്യക്തിയുടെ ജനനതീയതി 14.4.1970 ആണ്. ടി വ്യക്തി 2000 മുതൽ പഞ്ചായത്തിൽ നിന്ന് വികലാംഗ പെൻഷൻ വാങ്ങുന്നുണ്ട്. 22.7.2019ലെ മഡോണ സ്പെഷ്യൽ സ്കൂൾ, പോട്ട (Home For Mentally Challenged) എന്ന സ്ഥാപനത്തിലെ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്ര പ്രകാരം ഫയലിൽ വച്ചിരിക്കുന്നതിൽ മറ്റൊരു വ്യക്തിയുടെ പേരാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ.ഉ.(കൈ)22/2018/തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് ഖ.7.1.6 പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് സ്കോളർഷിപ്പിന് അർഹത ഉള്ളത്. തെറ്റായ സാക്ഷ്യപത്രം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് മേൽ വൗച്ചർ പ്രകാരം 23500 രൂപ നൽകിയിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-29/23.11.2021).

B)അതുൽ ഷാജി, പനമ്പിള്ളി ഹൗസ്, മേലൂർ എന്ന വ്യക്തിയുടെ അപേക്ഷ പരിശോധിച്ചതിൽ ടിയാളുടെ കോഴ്സിന്റെ കാലാവധി 1.6.2019 മുതൽ 12.8.2019 വരെയാണ്. 45% ശാരീരിക വെല്ലുവിളി നേരിടുന്ന ടിയാൾക്ക് 13500 രൂപ നൽകിയിട്ടുണ്ട്. ടി വ്യക്തി മറ്റൊരു കോഴ്സിനും പഠിക്കുന്നതായി ഫയലിൽ ഇല്ല. 12 മാസത്തെ സ്കോളർഷിപ്പും (12000/- രൂപ) 1500 രൂപ വാർഷിക ബത്തയും നൽകിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ-29/23.11.2021).

ഹാജരാക്കുന്ന രേഖകൾ ശരിയായി പരിശോധിക്കാതെ തെറ്റായി അധിക തുക നൽകുന്ന പ്രവണത വരും വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നിർവഹണോദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക (23500 + 13500) 37000 രൂ തടസ്സപ്പെടുന്നു. വ്യക്തമായ രേഖകൾ ഹാജരാക്കാത്ത പക്ഷം ബന്ധപ്പെട്ട കക്ഷികളിൽ നിന്നോ അല്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ചെലവ് തുക ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1–41 തെരുവ് വിളക്ക് പരിപാലനം

തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കൂടാതെ കരാറുകാരൻ റിപ്പയറിംഗുമായി ബന്ധപ്പെട്ട് അഴിച്ചുമാറ്റുന്ന, പഴയ മെറ്റീരിയലുകൾ സ്ക്രാപ്പ് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്.

കൂടാതെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതായി വാർഡ് മെമ്പർമാർ ഹാജരാക്കുന്ന സാക്ഷ്യപത്രത്തിൽ, റിപ്പയറിംഗ് നടത്തിയ മാസം, റിപ്പയർ ചെയ്ത പോസ്റ്റുകളുടെ നമ്പർ എന്നിവ ചേർക്കുന്നതായി കാണുന്നില്ല. ആയത് ചേർക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച, ജി.ഒ (ആർ.ടി)3140/2015, ത.സ്വ.ഭ.വ, തി.16-2-2015 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

### 1-42 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം/പേര് | കൈമാറിയ തുക | ചെക്ക നം/തിയതി | കൈമാറിയ സ്ഥാപനം |
|---|---|---|---|
| 182/20, എബിസി പദ്ധതിക്ക് തുക കൈമാറൽ | 210000/ | 21901206,dt.12-3-2020 | തൃശ്ശൂർജില്ലാ പഞ്ചായത്ത് |
| 209/20, ഗാന്ധിസ്മാരക റോഡ്-കണക്ഷൻ റോഡ് -വാർഡ് 11- പൈപ്പ് മാറ്റി സ്ഥാപിക്കൽ | 20000/ | 276802,dt.10-12-2019 | കേരളാ വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട |

പദ്ധതി പൂർത്തീകരിച്ചതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും, കൈമാറിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-43 പ്രളയാനന്തര പുനരധിവാസം-19 വീട്ടുകാർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് തുക കൈമാറൽ-ബാക്കി തുക വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കേണ്ടതാണ്.

പ്രളയാനന്തര പുനരധിവാസം, പത്തൊൻപത് വീട്ടുകാർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് തുക കൈമാറൽ എന്ന പദ്ധതിയിൽ, ചെക്ക് നം.2381887, Dt.12-11-19 പ്രകാരം, 90000/രൂപ, കേരളാ വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട ഡിവിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റി, 23-11-2021ന് ഹാജരാക്കിയ E2-5781/2019 നമ്പർ കത്ത് പ്രകാരം, മേൽ പ്രവൃത്തിക്കായി, 80593/ ചെലവാക്കിയതായി, വ്യക്തമാക്കിയിട്ടുണ്ട്. ബാക്കി തുക 9407 രൂപാ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

### 1-44 മരാമത്ത് അവലോകനം

മേലൂർ പഞ്ചായത്തിൽ 19-20 വർഷത്തെ ചെലവ് നടന്ന 35 മരാമത്തു പ്രവർത്തികൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കി. കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. സമയബന്ധിതമായി കരാർ വയ്ക്കാത്ത ചില പ്രവൃത്തികൾ ഓഡിറ്റ് എൻക്വയറിയിലൂടെ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് രണ്ട് പ്രവൃത്തികളുടെ പിഴത്തുക പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. അല്ലാത്തത് പ്രത്യേകം ഖണ്ഡികയാക്കി റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു. സമയബന്ധിതമായി പണി പൂർത്തിയാകാത്ത പ്രവർത്തികളുടെ പട്ടിക ഓഡിറ്റ് എൻക്വയറിയിലൂടെ നിർവ്വഹണോദ്യോഗസ്ഥന് നൽകി അതിൻ മേൽ മറുപടി ലഭിച്ചിട്ടുണ്ട്. തൃപ്തികരമല്ലാത്ത മറുപടിയുള്ള പ്രവൃത്തികളിൽ ഗ്രാമപഞ്ചായത്തിന്റെ നഷ്ടം കണക്കാക്കി റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു. കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ എം ബുക്കിൽ വ്യക്തമാക്കാത്ത പ്രവൃത്തികളിൽ ഓഡിറ്റ് എൻക്വയറിക്കുള്ള തൃപ്തികരമല്ലാത്ത മറുപടിയെത്തുടർന്ന് പ്രത്യേകം പരാമർശമായി റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. മണ്ണിന്റെ ഡിസ്പോൽ സംബന്ധിച്ച് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ് എന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

<u>ഓഡിറ്റിനെത്തുടർന്ന് പിഴ ഈടാക്കിയ പ്രവൃത്തികൾ.</u>

എഗ്രിമെന്റ് വെയ്ക്കാൻ വൈകിയ ഇനത്തിൽ

| പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഈടാക്കി അടച്ച പിഴ |
|---|---|---|
| 75/20 | മുള്ളമ്പാറ കല്ലകുത്തി കനാൽ ബണ്ട് റോഡ് | 2500 |
| 76/20 | നായരങ്ങാടി കൊമ്പൻ പാറക്കടവ് പുനരുദ്ധാരണം | 4190 |

കരാ® സമയം അധികരിച്ച് പൂ® ത്തിയാക്കിയ ഇനത്തിൽ

| പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഈടാക്കി അടച്ച പിഴ |
|---|---|---|
| 170/20 | വനിതാ സംസ്കാരിക കേന്ദ്രം മെയിന്റനൻസ് | 338 |

### 1-45 വൈകി വെച്ച എഗ്രിമെന്റുകൾക്ക് ഫൈൻ ഈടാക്കിയില്ല

2012 ലെ കേരള പി.ഡബ്ള്യൂ മാനവൽ ഖണ്ഡിക.2009.6 പ്രകാരം നിയമപരമായി ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം ടെൻഡർ സ്വീകരിച്ചതായ അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) കരാറുകാരന് നൽകേണ്ടതാണ്. സെലക്ഷൻ നോട്ടീസ് തിയ്യതി മുതൽ 14 ദിവസത്തിനകം കരാറുകാരൻ കരാറുടമ്പടി വെയ്ക്കേണ്ടതും അല്ലാത്ത പക്ഷം കരാർ തുകയുടെ 1% തുക (മിനിമം 1000) പിഴയായി ഈടാക്കി കൊണ്ടു മാത്രമേ

കരാർ ഒപ്പ് വെയ്ക്കാൻ അനുവദിക്കേണ്ടതുള്ളൂ. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ പലതിലും നിയമപ്രകാരമുള്ള സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ല എന്നു കാണുന്നു. നൽകിയതിലാകട്ടെ തിയ്യതി ചേർത്തിട്ടില്ല. എങ്കിലും മാന്വലിലെ വ്യവസ്ഥയനുസരിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടായി ഇരുപത്തിരണ്ട് ദിവസങ്ങൾക്കകം കരാർ ഒപ്പ് വെയ്ക്കേണ്ടതാണ്. താഴെ ചേർക്കുന്ന പ്രവൃത്തിയിൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. ആയതിനാൽ താഴെ ചേർക്കുന്ന തുക പഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കി ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

| പ്രോജക്റ്റ് നമ്പർ | പ്രവർത്തിയുടെ പേര് | പഞ്ചായത്ത് കമ്മിറ്റി തീരുമാനം | എഗ്രിമെന്റ് ഒപ്പു വെച്ച തിയ്യതി. എഗ്രിമെന്റ് നമ്പർ | എഗ്രീഡ് പി.എ.സി | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 134/20 | മുള്ളൻ പാറക്കുന്ന് ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 20/12/2018 ലെ 2(3) നമ്പർ തീരുമാനം | 55/AE/LSGD /MLR/18-19 27/02/2019 | 651983 | 6520 |

## 1-46 വൈകി പൂർത്തീകരിച്ച പ്രവൃത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) എന്നിവ ലംഘിച്ചിട്ടും പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ നിയമാനുസൃതമായ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. ഇവിടെ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ പഞ്ചായത്തു സമിതി തീരുമാനം എടുക്കുകയോ, നിയമാനുസൃത കാലയളവിനുള്ളിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥകൾക്കും, ഈ പ്രവൃത്തികൾക്ക് ഒട്ടാകെയും ബാധകമായ പൊതുമരാമത്ത് മാനവൽ ഖണ്ഡിക 2012ലെ വ്യവസ്ഥകൾ, 18/08/2018 ലെ എ.സി2/223/15 തസ്വഭവ നമ്പർ സർക്കുലർ എന്നിവയ്ക്കും വിരുദ്ധമായി ഈ നടപടി ഓഡിറ്റിൽ വിലയിരുത്തുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ സമയദീർഘീകരണം നൽകാത്തതിനാൽ മേൽ പ്രവൃത്തികളെ ആധികാരികം എന്ന് കരുതാനാവില്ല. ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത ഭരണസമിതി കൈക്കൊള്ളേണ്ടതാണ്. ഈ സാഹചര്യത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018 ലെ 2/223/15 ത.സ്വ.ഭവ സർക്കുലർ പ്രകാരം നിർദ്ദേശിച്ച എഗ്രീഡ് പി.എ.സി യുടെ 1% പിഴ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. എം.ബുക്കിൽ അവസാന ചെക്ക് മെഷർമെന്റ് തിയ്യതി പണി പൂർത്തീകരിച്ച തിയ്യതിയായി കണക്കാക്കിയിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | എഗ്രിമെന്റ്/ തിയ്യതി | T.S നമ്പർ, നിയമാനുസൃത കാലാവധി | പ്രവൃത്തി പൂർത്തീകരിച്ച അവസാന ചെക്ക് മെഷർമെന്റ് തിയ്യതി. എം ബുക്ക് | എഗ്രീഡ് പി.എ.സി | ഈടാക്കാൻ നിർദ്ദേശിക്കുന്ന പിഴ |
|---|---|---|---|---|---|---|---|
| 1 | 163/20 | കരിയപ്പാറ റോഡ് സെക്കൻഡ് മെറ്റലിംഗ് | 41/AE/LSGD /MLR/17-18 DT.31/03/2018 | 80417/2017-18 DT. 25/10/2017 5 Months | 42/18-19 Page 15. 07/03/2019 | 200000 | 2000 |
| 2 | 169/20 | കുറുപ്പം പെരുന്തോട് തടയണ മെയിന്റനൻസ് | 53/AE/LSGD /MLR/17-18 DT.19/02/2019 | 102078/18-19 Dt.11/12/2018. 3 Months | MB No. 70/18-19 Dt. 16/07/2019. Page.8 | 158089 | 1580 |
| 3 | 167/20 | മേലൂർ ഗ്രാമപഞ്ചായത്ത് ന്യൂ സർവർ റൂം റിനെവേഷൻ | 45/AE/LSGD /MLR/18-19 DT30/01/2019 | 94670/18-19 DT. 10/10/2018 5 Months | MB No.30/19-20. Page 21. 23/03/2020 | 97273 | 972 |
| 4 | 153/20 | 108 നമ്പർ അംഗൻ വാടി നിർമാണം | 37/16-17 Dt. 03/07/2017 | 92171/16-17 27/03/2017 6 Months | MB NO.51/16-17.page.85 Dt. 27/11/2018 | 774808 | 7748 |
| 5 | 154/20 | മേലൂർ ഗ്രാമപഞ്ചായത്ത് ബിൽഡിംഗ് മെയിന്റനൻസ് | 48/AE/LSGD /MLR/17-18 Dt. 31/03/2018 | 26383/2017-18 Dt. 21/07/2017 8 Months | MB No. 36/19-20. Page.64 09/11/2020 | 298902 | 2989 |
| | | | | | ആകെ | | 15289 രൂപ |

11. കുറുപ്പം പെരുന്തോട് തടയണ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വേനൽക്കാലത്ത് വെള്ളം തടഞ്ഞു നിർത്തി ജലസേചനത്തിന് രൂപകല്പന ചെയ്തിട്ടുള്ളതാണ്. വസ്തുത ഇതായിരിക്കെ 19/02/2019 ൽ എഗ്രിമെന്റ് ഒപ്പു വെച്ച പ്രവർത്തി 16/07/2019 ൽ മാത്രം പൂർത്തീകരിക്കപ്പെടുമ്പോൾ പദ്ധതികൊണ്ട് വിഭാവനം ചെയ്ത ഫലപ്രാപ്തി ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചുവെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ. 17/20-11-2021)

മേൽപ്പറഞ്ഞ തുക കരാറുകാരനിൽ നിന്നും ഈടാക്കി തനതു ഫണ്ടിലടവാക്കേണ്ടതാണ്.

## 1-47 കരാറുകാരിൽ നിന്നും ടാക്സ് ഇൻവോയ്സ് വാങ്ങി ഹാജരാക്കിയിട്ടില്ല

2017 ലെ ജി.എസ്.ടി കേന്ദ്രനിയമം ഖണ്ഡിക 31(2) പ്രകാരം എല്ലാ സേവനപ്രവൃത്തികൾക്കും നിയമാനുസൃത ജി.എസ്.ടി അടവുവരുത്തിയാൽ ടാക്സ് ഇൻവോയ്സ് ലഭ്യമാകുന്നതാണ്. കരാറുകാരിൽ നിന്ന് ഉറവിടത്തിൽ നിന്ന് ജി.എസ്.ടി കുറവു വരുത്തുന്ന പ്രവൃത്തികളിൽ അതുകൊണ്ടു തന്നെ കരാറുകാരൻ ജി.എസ്.ടി അടക്കുന്നതിന് ബാധ്യസ്ഥനെന്ന് ഉറപ്പുവരുത്താനാകും. എന്നാൽ ഉറവിടത്തിൽ കുറവു ചെയ്യേണ്ടാത്തതും എന്നാൽ 12% ജി.എസ്.ടി കൂട്ടി നൽകിയതുമായ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ സ്ഥാപനം അനുവദിച്ച ജി.എസ്.ടി കൃത്യമായി അടക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് മേൽസൂചിപ്പിച്ച ഇൻവോയ്സ് ഹാജരാക്കിയേ മതിയാകൂ. ഈ സാഹചര്യത്തിൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ജി.എസ്.ടി അധികമായി അനുവദിച്ചിട്ടും ടാക്സ് ഇൻവോയ്സ് കരാറുകാരിൽ നിന്നും വാങ്ങാതിരുന്നതിന്റെ സാധുത എന്ത് എന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ആകെ പ്രവർത്തി മൂല്യം | അനുവദിച്ച അധിക ടാക്സ് | ആകെ ചിലവായ തുക | ബിൽ നമ്പർ | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|
| 84/20 | കുന്ന് കനാൽ ബണ്ട് റോഡ് റീടാറിംഗ് | 167977.83 | 20157.83 | 188135 | 182/27-01-20 | ബാബു ആന്റണി |
| 95/20 | പഞ്ചായത്ത് പാടം ലിങ്ക് റോഡ് റീടാറിംഗ് | 115180.93 | 13821.71 | 129002.64 | 181/27-01-2020 | ബാബു ആന്റണി |
| 75/20 | മുള്ളൻ പാറ കല്ലുകത്തി കനാൽ ബണ്ട് റോഡ് സെക്കൻഡ് മെറ്റലിംഗ് | 221053.59 | 26526.43 | 247580.02 | 183/27-01-2020 | എം.ടി.ഡേവിസ് |

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്ടുമായി ബന്ധപ്പെട്ട ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ ചേർത്തിരിക്കുന്ന തുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല എന്ന വിവരം വാർഷികകണക്ക് പരിശോധനയിൽ കൃത്യമായി ചേർത്തിട്ടുണ്ട്.

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം,തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | | 276802,10-12-2019 | 20000 | 0 | 20000 |
| KWA | | 2381887,12-11-19 | 90000 | 80593 | 9407 |

സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമാണ് ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ വാർഷിക കണക്കുകളുടെ B18 പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. നീക്കിയിരുപ്പ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പ്പാ/വായ്പ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്നതുക |
|---|---|---|---|---|---|
| | | | മുതൽ | മുതൽ | മുതൽ |
| ഇ എം എസ് ഭവനപദ്ധതി | | 9190000 | 829168 | 770000 | 59168 |
| ലൈഫ് ഹഡ്കോ ലോൺ | | 1333260 | 1333260 | 323529 | 1009731 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2806003 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | | |
| | പലിശ | 338939 | |
| 3 | ആകെ | 3144942 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3144942 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | SCB മേലൂ® A/C No. 464-19 | തുക |
| | | - | 3144942 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയതുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രശീതി നം/തിയതി |
|---|---|---|---|---|
| 2009-10 | 3-2 | 20000 | ലീല ശങ്കർ,പോട്ടയത്ത് | 119070107250/28-11-2019 |
| 2008-09 | 3-1 | 2205 | ഷാജി,ഡ്രൈവർ | 119070107444/6-12-2019 |
| 2009-10 | 2-2 | 254 | ജോസ് ഔസേഫ് | 119070107445/6-12-2019 |
| 2009-10 | 2-4 | 150 | മിൽട്ടൻ ലാസർ | 119070107446//6-12-2019 |
| 2009-10 | 2-4 | 250 | ഉണ്ണികൃഷ്ണൻ | 119070107447/6-12-2019 |
| 2017-18 | 3-20 | 5313 | അസി.എഞ്ചിനീയർ,എൽ എസ് ജി ഡി | KL0128024972001920m12802334201920m |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

തൻവ® ഷം പഞ്ചായത്ത് തന്ന കണക്ക് പ്രകാരം സമാഹൃത ഓഡിറ്റ് റിപ്പോ® ട്ടിൽ പരാമ® ശങ്ങൾ തീ® പ്പാക്കാൻ ഇല്ല എന്നാണ്. എന്നാൽ 2018-19 വർഷത്തിലെ ഓഡിറ്റ് റിപ്പോ® ട്ടിൽ 1999 – 2000 വ® ഷത്തിലെ 4 ഖണ്ഡികകളും 2001-02 വ® ഷത്തിലെ 1 ഖണ്ഡികയും 2002-03 വ® ഷത്തിലെ 4 ഖണ്ഡികകളും 2016-17 വ® ഷത്തിലെ 2 ഖണ്ഡികകളും തീ® പ്പാക്കാൻ ഉണ്ടായിരുന്നു. നിലവിൽ പഞ്ചായത്ത് വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിന്മേലുള്ള കൃത്യത പരിശോധിക്കാനായിട്ടില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57550316 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52888300 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 312000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 35000 | ഡോക്ടർ.രജനി ശ്രീധർ, മെഡിക്കൽ ഓഫീസർ |
| 1-33 | 40000 | " " " |
| 1-37 | 200000 | ജയ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-40 (A) (B) | 23500<br>13500 | ലീന.പി.ജോസഫ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | 312000 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും നിലവിലെ ഔദ്യോഗിക സ്ഥിരം മേൽവിലാസവും

| ഖണ്ഡിക നം. | പേരും ഉദ്യോഗപേരും | ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1-40 A B | ലീന.പി.ജോസഫ് ഐ.സി.ഡി.എസ് സൂപ്പർവൈസർ | CDPO വെള്ളാങ്കല്ലൂർ ബ്ലോക്ക് | ലീന, മാളിയേക്കൽ വീട്, പൂളിയനം – 683572, എറണാകുളം |
| 1-37 | ജയ.എ.വി, വി.ഇ.ഒ | വി.ഇ.ഒ, മേലൂർ | ജയ.എ.വി, പെരുങ്ങാടൻ ഹൗസ്, കുന്നിപ്പിള്ളി (പിഒ) |
| 1-32 1-33 | ഡോ.രജനി ശ്രീധർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ | ഡോ.രജനി ശ്രീധർ, നമ്പ്യാരുപറമ്പിൽ ഹൗസ്, പുതുപ്പറമ്പ്, ചാലക്കുടി (പിഒ) 680 307 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 98-99 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 99-00 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 2000-01, 01-02 പ്ലാൻ | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 96-97 വരവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 |
| 97-98 വരവ് | എൽ.എഫ്.ടി14-62/08/ 27.04.09 |
| 98-99 വരവ് | എൽ.എഫ്.ടി14-63/08/ 27.04.09 |
| 99-00 വരവ് | എൽ.എഫ്.ടി14-64/08/ 27.04.09 |
| 00-01 | എൽ.എഫ്.ടി14-65/08/ 27.04.09 |
| 01-02 | എൽ.എഫ്.ടി14-66/08/ 27.04.09 |
| 02-03 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 03-04 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |

| | |
|---|---|
| 04-05 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 05-06 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 06-07 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 |
| 07-08 | എൽ.എഫ്.ടി.പി3-2094/11/ 21.12.11 |
| 08-09 | എൽ.എഫ്.ടി.പി3-2095/11/ 21.12.11/12.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി3-2157/12/ 6.03.13/ 6.06.13 |
| 11-12 | എൽ.എഫ്.ടി.പി3-1435/13/ 15.01.14/11.03.14 |
| 12-13 | എൽ.എഫ്.ടി.പി7-1420/14/ 21.01.15/28.03.15 |
| 13-14 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)21/16/ 18.1.16/4.3.16 |
| 14-15 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/1048 /16/01.07.16 |
| 2015-16 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/2196/ 2016/7-1-2017 |
| 2016-17 | നം കെ.എസ്.എ.ടി.എസ്.ആർ.(പി7)/1482/ 17 തീയതി 27.11.17/13.12.17 |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി7)883/19 തീയതി:21.06.19 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി8)1304/20തീയതി:18.12.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ജില്ലയിലെ -ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

തൃശ്ശൂർ ജില്ലയിലെ മേലൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്